"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് - 2021-22 വർഷം ബഡ്ജറ്റിൽ നോൺ പ്ലാൻ സാലറി ഇനത്തിൽ വകയിരുത്തിയ തുകയിൽ നിന്നും എട്ടാമത്തെ ഗഡുവായി 549.91 ലക്ഷം രൂപ (അഞ്ച് കോടി നാൽപത്തിയൊമ്പത് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരം രൂപ) റിലീസ് ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

G.O.(Rt) No.1089/2021/ID തീയതി,തിരുവനന്തപുരം, 29/09/2021

---

പരാമർശം:-

1. സ.ഉ.(സാധാ) 431/2021/വ്യവ തീയതി 15.04.2021.
2. സ.ഉ.(സാധാ) 482/2021/വ്യവ തീയതി 03.05.2021.
3. സ.ഉ.(സാധാ) 513/2021/വ്യവ തീയതി 27.05.2021.
4. സ.ഉ.(സാധാ) 613/2021/വ്യവ തീയതി 29.06.2021.
5. സ.ഉ.(സാധാ) 796/2021/വ്യവ തീയതി 03.08.2021
6. സ.ഉ.(സാധാ) 887/2021/വ്യവ തീയതി 18.08.2021
7. സ.ഉ.(സാധാ) 993/2021/വ്യവ തീയതി 14.09.2021
8. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ 15.09.2021-ലെ കെ.ബി.2371/ 2019/എ8 നമ്പർ കത്ത്.

ഉത്തരവ്

2021-22 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് നോൺപ്ലാൻ സാലറി ഫണ്ടിനത്തിൽ 40,99,45,000/- രൂപ (നാല്പത് കോടി തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി നാൽപത്തയ്യായിരം രൂപ മാത്രം) 2851-00-105-99-31 (നോൺ-പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട് പരാമർശം (1), (2), (3), (4), (5), (6), (7) എന്നിവ പ്രകാരം ആകെ 24,49,72,000/- (ഇരുപത്തിനാല് കോടി നാൽപ്പത്തൊമ്പതു ലക്ഷത്തി എഴുപത്തിരണ്ടായിരം രൂപ മാത്രം) ഏഴു ഗഡുക്കളായി ഖാദി ബോർഡ് സെക്രട്ടറിയ്ക്ക് നൽകിയിരുന്നു

2. 2021-22 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ഖാദി ബോർഡ് ജീവനക്കാർക്ക് ശമ്പളം പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി എട്ടാമത്തെ ഗഡു അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (8) പ്രകാരം ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി സർക്കാരിന് ശിപാർശ സമർപ്പിക്കുകയുണ്ടായി

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു "2851-00-105-99-31-KK&VI Board-Administrative Expenses" എന്ന ശീർഷകത്തിൽ നിന്നും 549.91 ലക്ഷം രൂപ (അഞ്ച് കോടി നാൽപത്തിയൊമ്പത് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരം രൂപ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ടി ബോർഡിലെ ജീവനക്കാരുടെ സെപ്തംബർ-ഒക്ടോബർ മാസങ്ങളിലെ ശമ്പളം, പെൻഷൻ, കൂടാതെ ഭരണപരമായ ആവശ്യങ്ങൾ എന്നിവയ്ക്കായി എട്ടാമത്തെ ഗഡുവായി താഴെപ്പറയുന്ന

വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അനുവദിക്കുന്ന തുക ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടുള്ളതല്ല.

2.ജീവനക്കാർ ക്ക് ശമ്പളം, പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് മാത്രം വിനിയോഗിക്കേണ്ടതും, വക മാറ്റി ചെലവഴിക്കാൻ പാടില്ലാത്തതുമാകുന്നു

3.09/12/2008 -ലെ 84/2008/ധന. 29/08/2009 -ലെ 75/2009/ധന. 30.01.2018 -ലെ 08/2018/ധന, 16.06.2018 -ലെ 53/2018/ധന നമ്പർ പരിപത്രങ്ങളിൽ വിവക്ഷ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ് .

4.തുടർന്നുള്ള ഫണ്ട് റിലീസിനായുള്ള നിർദ്ദേശങ്ങളിൽ, അനുവദിച്ച തുകയെ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ചെലവിനെ സംബന്ധിച്ചുള്ള ഇനം തിരിച്ചുള്ള സാക്ഷ്യപത്രവും ജി.ഒ.(എം.എസ്) നം. 04/2020/ഫിൻ തീയതി 09/01/2020 നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്ന നിശ്ചിത മാതൃകയിൽ സമർപ്പിക്കേണ്ടതാണ്.

4.വ്യവസായ വാണിജ്യ ഡയറക്ടർ/ അഡിഷണൽ ഡയറക്ടർ തുക പിൻവലിച്ച് ഖാദി ബോർഡ് സെക്രട്ടറിക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

A P M Mohammed Hanish

Principal Secretary

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് തിരുവനന്തപുരം

വ്യവസായ വാണിജ്യ ഡയറക്ടർ/അഡീഷണൽ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ്ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (29.09.2021 ലെ പി.യു.ഡി1/46/2021/ധന നമ്പർ കറിപ്പ് പ്രകാരം)

ഐ & പിആർ വകുപ്പ് (ജി.ഒ. ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ